# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2114:** **19/06/2012- ൽ മറുപടിക്ക്**

## ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി

**ചോദ്യം** **ഉത്തരം**

**ശ്രീ. എം. ഉമ്മർ :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) | ഉണ്ട്. 2012-13 സാമ്പത്തിക വർഷം താഴെപ്പറയുന്ന പുതിയ പദ്ധതികൾ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്.<br>1. സംരംഭകത്വ സഹായ പദ്ധതി.<br>2. പശ്ചാത്തല സൗകര്യ വികസനം- പബ്ലിക് പ്രൈവറ്റ് പഞ്ചായത്ത് പാർട്ടണർഷിപ്പ് (പി പി പി പി) മോഡൽ.<br>3. പശ്ചാത്തല സൗകര്യ വികസനം- ബഹുനില ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്<br>സിഡ്കോ ചെറുകിട വ്യവസായത്തിന്റെ ഉന്നമനത്തിനായി Trading Division തുടങ്ങുകയുണ്ടായി. ചെറുകിട യൂണിറ്റുകളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം സിഡ്കോയുടെ Brand name- ൽ കേരളത്തിലുടനീളമുള്ള സ്വകാര്യ വ്യാപാര ശൃംഖല വഴി വിറ്റഴിക്കാനുള്ള ഒരു പദ്ധതിയാണ് ആവിഷ്കരിച്ചത്. |

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി ബാങ്കുകളിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | നടപടി സ്വീകരിച്ചു വരുന്നു. ചെറുകിട വ്യവസായ യൂണിറ്റുകളെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കുറഞ്ഞ പലിശ നിരക്കിൽ വ്യവസായ ആവശ്യങ്ങൾക്കായുള്ള മൂലധനം ലഭ്യമാക്കുന്നതിനായി സിഡ്കോ അംഗീകൃത നാഷണലൈസ്ഡ് ബാങ്കുമായി ബന്ധപ്പെടുകയും ആയത് ലഭ്യമാക്കുന്നതിനായുള്ള നടപടി ദ്രുതഗതിയിൽ നടന്നു വരികയുമാണ്. |
| (സി) | ചെറുകിട വ്യവസായം ആരംഭിക്കുന്നതിലൂടെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അഭ്യസ്തവിദ്യർക്ക് പ്രത്യേക സൗകര്യങ്ങൾ നൽകുന്ന കാര്യം ആലോചിക്കുമോ? | (സി) | 2012-13 സാമ്പത്തിക വർഷം ആരംഭിക്കുന്ന സംരംഭകത്വ സഹായ പദ്ധതിയിൽ അഭ്യസ്തവിദ്യരായ യുവസംരംഭകർക്ക് മൂലധനത്തിന്റെ 20% സഹായധനം പരമാവധി 15 ലക്ഷം രൂപ വരെ നൽകുവാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ